# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2656** — **17/10/2016-ൽ മറുപടിക്ക്**

## എൽ.ഡി.ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റ്

| ചോദ്യം<br>ശ്രീ.വി.കെ.സി.മമ്മത് കോയ | ഉത്തരം<br>ശ്രീ.പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| പി.എസ്.സി. എൽ.ഡി.ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിന്റെ കാലാവധി ആറ് മാസം നീട്ടി നൽകിയിട്ടുണ്ടോ; എങ്കിൽ ഈ കാലപരിധിക്കുള്ളിൽ പുതിയ ലിസ്റ്റ് പ്രസിദ്ധീകരിച്ചാൽ നീട്ടിക്കൊടുത്ത ലിസ്റ്റിലെ ഉദ്യോഗാർത്ഥികളുടെ അവസരം നഷ്ടപ്പെടുത്താതെ മുൻ ലിസ്റ്റിൽ നിന്നും തുടർന്നും നിയമനം നടത്തുമോ എന്ന് വ്യക്തമാക്കുമോ ? | 30.06.2016-ൽ, ചില വ്യവസ്ഥകൾക്ക് വിധേയമായി, 3 വർഷം പൂർത്തിയായതും 4 1/2 വർഷം പൂർത്തിയാകാത്തതുമായ റാങ്ക് പട്ടികകളുടെ കാലാവധി പി.എസ്.സി. ദീർഘിപ്പിച്ച അവസരത്തിൽ എൽ.ഡി.ടൈപ്പിസ്റ്റ് റാങ്ക് പട്ടികയുടെ കാലാവധിയും ദീർഘിപ്പിച്ചിരുന്നു. എന്നാൽ ടി തസ്തികയിലേക്ക് 31.08.2016 ന് ഒരു പുതിയ റാങ്ക് പട്ടിക നിലവിൽ വന്നതിനെത്തുടർന്ന് പഴയ റാങ്ക് പട്ടിക 30.08.2016 ന് റദ്ദായി. റദ്ദായ റാങ്ക് പട്ടികയിൽ നിന്നും തുടർന്ന് നിയമനം നടത്തുവാൻ ചട്ടപ്രകാരം സാധിക്കുകയില്ല. |

**സെക്ഷൻ ഓഫീസർ**